13

# ക്രൂശുമായുള്ള ബന്ധത്തിൽ ആറു അത്ഭുതങ്ങൾ

**മത്തായി 27:45-54; മർക്കൊസ് 15:33-39; ലൂക്കൊസ് 23:44-47**

*"അപ്പോൾ മന്ദിരത്തിലെ തിരശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപോയി; ഭൂമി കുലുങ്ങി പാറകൾ പിളർന്നു. കല്ലറകൾ തുറന്നു, നിദ്ര പ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു" (മത്തായി 27:51, 52).*

യേശുവിനെ തള്ളിക്കളയുന്നതിനെ കുറിച്ച് യെഹൂദന്മാരോടു ദൈവം ആവർത്തിച്ചാവർത്തിച്ചു മുന്നറിയിച്ചിരുന്നു. അവർ വിശ്വസിക്കാതിരുന്നതിനു യാതൊരു ഒഴികഴിവുമില്ലായിരുന്നു. യേശു ദൈവമായിരുന്നു എന്നു യെഹൂദ പ്രമാണിമാർക്ക് അറിയാമായിരുന്നു; പക്ഷെ, അവരുടെ വെറുപ്പും അന്ധതയും നിമിത്തം, അവർ അവനെ കൊല്ലുവാൻ തിരഞ്ഞെടുത്തു. പിലാത്തൊസ് പോലും അവൻ ആരാണെന്നു അറിയുകയും അവനിൽ "കുറ്റം ഒന്നും ഇല്ല" എന്നു പ്രഖ്യാപിക്കയും ചെയ്തു (യോഹന്നാൻ 18:38).

ക്രൂശിൽ തറെക്കലിനു മുൻപു സംഭവിച്ചതു പരിഗണിക്കുക. തോട്ടത്തിൽ വെച്ചു അവനെ പിടിക്കുവാൻ വന്നവരോടു യേശു, "അതു ഞാൻ തന്നെ," എന്നു പറഞ്ഞപ്പോൾ, അവർ പിൻവാങ്ങി നിലത്തു വീണു (യോഹന്നാൻ 18:6). അവിടെ ആ നീചമായ പ്രവൃത്തികൾ അവർക്ക് അവസാനിപ്പിക്കാമായിരുന്നു!

പിന്നെ ഒരു ദാസന്റെ കാത് സൗഖ്യമാക്കി! പത്രൊസ് തന്റെ വാളൂരി മൽക്കൊസിന്റെ കാതറുത്തു, എന്നാൽ യേശു അതു സൗഖ്യമാക്കി. യേശു ക്രൂശിലേക്കു പോകുന്നതിനുമുൻപു യെഹൂദന്മാർക്കുവേണ്ടി ചെയ്ത അവസാനത്തെ അത്ഭുതമായിരുന്നു ഇത്. യേശുവിനു എന്തും കൈകാര്യം ചെയ്യുവാൻ കഴിയുമായിരുന്നു!

ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത അത്ഭുതം നാം മറക്കരുത്! യേശു പത്രൊസിനോടു പറഞ്ഞു, "പന്ത്രണ്ടിലധികം ലെഗ്യോൻ ദൂതന്മാരെ സഹായിക്കുന്നതിനു അപേക്ഷിക്കാം, പക്ഷെ ഞാൻ ചെയ്യുകയില്ല." വായിക്കുകയും വീണ്ടും വായിക്കുകയും ചെയ്യുക മത്തായി 26:50–56; മർക്കൊസ് 14:46–50; ലൂക്കൊസ് 22:47–53; യോഹന്നാൻ 18:3–12. നമ്മുടെ പാപങ്ങൾക്കുവേണ്ട ബലിയായി തന്നെത്താൻ ദൈവത്തിനു അർപ്പിക്കുവാനായിരുന്നു യേശു ആ അവസരം ഉപയോഗിച്ചത്.

വിശ്വസിക്കുവാൻ ആഗ്രഹമില്ലാത്തവർ, ഒരു സമയം കഴിഞ്ഞാൽ, വിശ്വസിക്കയില്ല. ക്രൂശുമായുള്ള ബന്ധത്തിൽ നടന്ന അത്ഭുതങ്ങൾ കണ്ടിട്ടും ലോകത്തിനു ബോധ്യമാകാതിരിപ്പാൻ കാരണമെന്താണ്?

## 1. ഇരുട്ട്

"ആറാം മണി നേരമായപ്പോൾ, ഒമ്പതാം മണി നേരത്തോളം ദേശത്തു എല്ലാം ഇരുട്ടുണ്ടായി" (മർക്കൊസ് 15:33; നോക്കുക മത്തായി 27:45; ലൂക്കൊസ് 23:44). ആറു മണിക്കൂർ യേശു ക്രൂശിൽ ആയിരുന്നു. ആദ്യത്തെ മൂന്നു മണിക്കൂറുകൾ പുരുഷാരത്തിനുള്ളതായിരുന്നു; അവസാനത്തെ മൂന്നു മണിക്കൂറുകൾ ദൈവത്തിനുള്ളതായിരുന്നു! നരകത്തിന്റെ മുൻകാഴ്ച്ചയായിരുന്നു ഇരുട്ട് (2 പത്രൊസ് 2:4; യൂദാ 6, 13) കൂടാതെ മരിക്കുന്നതു ദൈവപുത്രനായിരുന്നു എന്നും അത് ഓർമ്മപ്പെടുത്തി.

സൂര്യഗ്രഹണത്തിന്റെ ഫലമായുണ്ടാകുന്ന ഇരുട്ടായിരുന്നില്ല അത്. സൂര്യഗ്രഹണം ഏതാനും മിനിറ്റുകൾ മാത്രം നീണ്ടുനില്ക്കുന്നതും പൂർണ്ണചന്ദ്രന്റെ സമയത്ത് ഉണ്ടാകാത്തതുമാണ്. പെസഹ വരുന്നതു പൂർണ്ണ ചന്ദ്രനുള്ളപ്പോഴാണ്. ഇരുട്ട് ഭയാനകമായിരുന്നു, മരിച്ചു കൊണ്ടിരിക്കുന്ന മൂന്നു മനുഷ്യരുടെ ശബ്ദവും, എന്തു സംഭവിക്കുവാൻ പോകുന്നു എന്ന ആശ്ചര്യം പുറപ്പെടുവിക്കുന്നവരുടെ ശബ്ദവും ഒഴിച്ചു, ശാന്തത വിളയാടി. കാൽവരിയുടെ ലജ്ജ സൂര്യനെ മറച്ചു. അവിടെ നിന്നവർക്കു ഇരുട്ടു മാത്രമെ കാണുവാൻ കഴിഞ്ഞുള്ളു.

## 2. തിരശ്ശീല

ഉച്ച കഴിഞ്ഞ് 3.00 മണിക്ക്, യേശു അത്യുച്ചത്തിൽ നിലവിളിച്ചു. പുരോഹിതന്മാർ ദൈവാലയ ചുമതലയിലായിരുന്നു. അവരുടെ കണ്ണുകൾ ആശ്ചര്യം കൊണ്ടു നിറയുന്നതിനുമുൻപു, യെരുശലേം ദൈവാലയത്തിലെ വിശുദ്ധ സ്ഥലവും അതിവിശുദ്ധ സ്ഥലവും തമ്മിൽ വേർതിരിച്ചിരുന്ന തിരശീല മേൽതൊട്ടു അടിവരെ കീറി (മത്തായി 27:51; മർക്കൊസ് 15:38; ലൂക്കൊസ് 23:45). ദൈവം തന്റെ ഭൗമിക ആലയത്തിൽ നിന്നു മാറി. ആ സമയം മുതൽ, മോശെയുടെ ന്യായപ്രമാണം നീങ്ങി; ലേവ്യാ പൗരോഹിത്യവും ഇല്ലാതായി. അതുകൊണ്ടു പുരോഹിതന്മാരിൽ പലരും പിന്നീട് സുവിശേഷം അനുസരിച്ചതിൽ അതിശയിക്കുവാനില്ല (പ്രവൃത്തികൾ 6:7).

### 3. ഭൂമി കുലുക്കം

തിരശ്ശീല കീറിയ സമയത്തു, "ഭൂമി കുലുങ്ങുകയും പാറകൾ പിള രുകയും ചെയ്തു" (മത്തായി 27:51). ആ ഭൂമികുലുക്കം ഭീതിജനകമായ ഉദ്വേഗം ജനിപ്പിച്ചു. ഭൂമി കുലുങ്ങിയപ്പോൾ റോമാ പടയാളികളും ഭയ പ്പെട്ടുപോയി (മത്തായി 27:54). ഭൂമിയിലെ ഉറച്ച വസ്തുവായ, പാറ പിളർന്നു! ക്രൂശ് ഒഴിച്ചു മറ്റെല്ലാം കുലുങ്ങി!

### 4. കല്ലറകൾ തുറന്നു

മുമ്പു, യെഹൂദന്മാർ യേശുവിൽ നിന്ന് ഒരു അടയാളം ആവശ്യ പ്പെട്ടു. ദൈവം ക്രൂശുമായി ബന്ധപ്പെടുത്തി ആറു അത്ഭുതങ്ങൾ അവർക്കു കൊടുത്തു. പാറകൾ പിളർന്നതു മൃഗീയ ശക്തിയായിരുന്നു; കല്ലറകൾ തുറന്നതു അത്യുജ്ജ്വലമായ മാതൃകാരൂപമായിരുന്നു (മത്തായി 27:52, 53). എന്തൊരു അസാധാരണ ഭൂമി കുലുക്കം! തിരഞ്ഞെടുക്കപ്പെട്ട കല്ലറകൾ മാത്രം തുറന്നു! "കാൺമാൻ ഓടി വന്ന പുരുഷാരം ഒക്കെയും, സംഭവിച്ചതു കണ്ടിട്ടു, മാറത്തടിച്ചുകൊണ്ട്, മടങ്ങിപ്പോയി" (ലൂക്കൊസ് 23:48). ദൈവം അപ്പോഴും യെഹൂദന്മാരെ ഉപദേശിക്കയും, മുന്നറിയി ക്കയും ചെയ്തുകൊണ്ടിരുന്നു. അതു തെളിയിക്കുന്നതു പെന്തെ ക്കൊസ്തു നാളിലെ സംഭവങ്ങൾ (പ്രവൃത്തികൾ 2 ലെ സഭയുടെ ആരം ഭം) യാദൃശ്ചികമായിരുന്നില്ല എന്നാണ്. പത്രൊസ് തന്റെ ആദ്യത്തെ സുവി ശേഷ പ്രസംഗം, സാക്ഷീകരിച്ചു, "... നിങ്ങൾ അറിയുംപോലെ" (പ്രവൃ ത്തികൾ 2:22). ആ സന്ദർഭത്തിനുമുൻപു, അവർക്കു ക്രൂശിനെ പറ്റി ചിന്തി ക്കുവാൻ ദൈവം അമ്പതു ദിവസം കൊടുത്തു. പെന്തെക്കൊസ്തു നാളിൽ, പത്രൊസ് അവരുടെ പാപങ്ങൾക്കുള്ള പരിഹാരം നിർദ്ദേശിച്ചു - ക്രിസ്തു.

### 5. കല്ലറയിലെ തുണികൾ

യേശു മരിച്ചവരിൽ നിന്നുയർത്തെഴുന്നേറ്റു എന്നു സ്ത്രീകൾ വന്നു അപ്പൊസ്തലന്മാരോടു പറഞ്ഞപ്പോൾ, അതു കാൺമാനായി പത്രൊസും യോഹന്നാനും കല്ലറയിലേക്കു ഓടി. അവർക്കു ശൂന്യമായ കല്ലറ കാൺമാനേ കഴിഞ്ഞുള്ളൂ. യോഹന്നാൻ അകത്തേക്കു നോക്കിയപ്പോൾ രക്ഷിതാവു ഉയിർത്തെഴുന്നേറ്റതിന്റെ തെളിവു കണ്ടു: ശരീരം പൊതിഞ്ഞ തുണിയും മുഖത്ത് - ഇട്ട തുണിയും ശരീരത്തിൽ ഇട്ടിരുന്ന തുണിയും അവിടെ കിടക്കുന്നുണ്ടായിരുന്നു (ലൂക്കൊസ് 24:1-12; യോഹന്നാൻ 20:1-9). ശത്രുക്കൾ അവസാനമായി ആഗ്രഹിച്ചതു ശൂന്യമായ കല്ലറ ആയി രുന്നു! അപ്പൊസ്തലന്മാർ അവന്റെ ശരീരം നീക്കിയെങ്കിൽ, അവർ വസ്ത്രം മാറ്റിക്കളയുമായിരുന്നില്ല. ശത്രുക്കളാണ് എടുത്തുകൊണ്ടു പോയതെങ്കിൽ, വസ്ത്രം നീക്കം ചെയ്യുവാൻ സമയവും കിട്ടുമായിരു ന്നില്ല. കല്ലറയിലെ തുണികൾ യോഹന്നാനു മതിയായ തെളിവുകൾ ആയിരുന്നു. ആദ്യമായി അവന്റെ ഉയിർപ്പു വിശ്വസിച്ചതു യോഹന്നാ നായിരുന്നു! (നോക്കുക യോഹന്നാൻ 20:8.) നാമും, ഇതിനെ താത്വിക മായി ചിന്തിക്കണം!

**6. വിശുദ്ധന്മാർ ഉയിർത്തെഴുന്നേറ്റു**

കല്ലറകൾ വെള്ളിയാഴ്ച്ചയാണ് തുറന്നതു (മത്തായി 27:50–53). ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാർ[1] ഞായറാഴ്ച്ചവരെ യെരുശലേമിലേക്ക് വന്നില്ല. പെരുന്നാളിൽ ശുദ്ധീകരിക്കപ്പെട്ടവരായിത്തന്നെ ഇരിക്കുവാൻ, വേർപിരിഞ്ഞ തങ്ങളുടെ പ്രിയപ്പെട്ടവരെ യെഹൂദർക്ക് വന്ദനം ചെയ്തു കൂടായിരുന്നു. എന്തൊരു സ്മരണാർത്ഥമായ അത്ഭുതം! നിങ്ങൾ അവിടെ ഉണ്ടായിരുന്നു എങ്കിൽ നിങ്ങൾ എന്തു ചെയ്യുമായിരുന്നു?

ക്രൂശുമായി ബന്ധപ്പെട്ട ആറു അത്ഭുതങ്ങൾ തെളിയിക്കുന്നതു ക്രൂശിക്കപ്പെട്ടതു ദൈവപുത്രൻ ആയിരുന്നു എന്നാണ്. തർക്കിക്കുവാൻ പറ്റാത്ത തെളിവുകളാണ് അവ നല്കുന്നത്. ഉറവിടമായ, പുതിയ നിയമ എഴുത്തുകൾ വിശ്വസിക്കുന്നവരായ ആർക്കും, ബോധ്യമാകുന്നവയാണ് ആ അതിശയകരമായ അത്ഭുതങ്ങൾ.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]"വിശുദ്ധന്മാർ" വിശുദ്ധ ജീവിതത്തിന് വിളിച്ച് വേർ തിരിക്കുന്നവരാണ് (നോക്കുക 1 കൊരിന്ത്യർ 1:2). പുതിയ നിയമത്തിൽ, എല്ലാ ക്രിസ്ത്യാനികളും "വിശുദ്ധന്മാർ" ആണ്.

© 2009 Truth for Today